**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** — **06-02-2023 - ൽ മറുപടിയ്ക്ക്**

**അരവണ നിർമാണത്തിനായി ഭക്ഷ്യയോഗ്യമല്ലാത്ത ഏലയ്ക്ക ഉപയോഗിച്ചതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യയോഗ്യമല്ലാത്ത ഏലയ്ക്ക അരവണ നിർമാണത്തിനായി ഉപയോഗിച്ചുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് എത്ര ടിൻ അരവണ വിൽപ്പന നടത്താതെ സീൽ ചെയ്ത് മാറ്റേണ്ടിവന്നുവെന്നും ഏതൊക്കെ ബാച്ചിൽ നിർമിച്ച അരവണയാണ് ഇപ്രകാരം മാറ്റേണ്ടി വന്നതെന്നും അവശേഷിച്ച ഭക്ഷ്യയോഗ്യമല്ലാത്ത എത്ര അളവ് ഏലയ്ക്ക പിടിച്ചെടുത്തുവെന്നും വിശദമാക്കാമോ; | (എ) | ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 62 മുതൽ 69 വരെ ബാച്ചിൽപെട്ട 6,65,159 ടിൻ അരവണയും 92.3 കിലോഗ്രാം ഏലയ്ക്കയും സീൽ ചെയ്ത് മാറ്റിയിട്ടുണ്ട്. |
| (ബി) | വിൽപ്പന ഉപേക്ഷിച്ചതിലൂടെ ദേവസ്വം ബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; നഷ്ടപരിഹാരത്തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏലക്ക ഉപയോഗിച്ച അരവണ ഉപേക്ഷിച്ചതിലൂടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഏകദേശം 7 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അരവണ നിർമ്മാണത്തിനുപയോഗിച്ച ഏലയ്ക്കയിൽ കീടനാശിനിയുടെ അളവ് കൂടുതൽ എന്ന് കണ്ടെത്തിയ സംഭവത്തിൽ ദേവസ്വം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം പുരോഗമിച്ച് വരുന്നു. വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ